(10) തലശ്ശേരി ജഗന്നാഥക്ഷേത്രത്തിലെ പള്ളിവേട്ട യോടനുബന്ധിച്ചുണ്ടായ റെയിൽ ദുരന്തം

[ശ്രീ. സി. ജി. ജനാർദ്ദനൻ: സർ, തലശ്ശേരി ജഗന്നാഥ ക്ഷേത്രത്തിലെ പള്ളിവേട്ടയിലും തുടർന്നു നടന്ന വെടിക്കെട്ടിലും പോലീസുകാർ വേണ്ട രീതിയിൽ കൃത്യനിർവ്വഹണം നടത്താതിരുന്നതുകൊണ്ട് 28 പേർ മരിക്കാനിട യായി. അത് സംബന്ധിച്ച് മൂന്ന് കാര്യങ്ങളിലേക്ക് മുഖ്യമന്ത്രിയുടെ [ശദ്ധതിരിക്കുവാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കു ന്നത്. ജ്ഞാനോദയം സഭയുടെ പ്രസിഡന്റിനേറയും ഡയറക്ടർമാരു ടേയും പേരിൽ പോലീസ് കേസെടുത്തിരിക്കുകയാണ്. ആ കേസ് പിൻ വലിക്കണം, പരസ്യമായ അന്വേഷണം നടത്തണം.

മറെറാന്ന് കണ്ണൂർ എസ്. പി. യേയും തലശ്ശേരി ഡിവൈ എസ്. പി. യേയും ഉടൻ സ്ഥലംമാറെറി അന്വേഷണം നടത്തണം. മരിച്ച 28 പേരു ടേയും കുടുംബങ്ങളിൽപ്പെട്ടവർക്ക് റെയിൽവേയിൽ ജോലികൊടുക്കുന്നതി നാവശ്യമായ നടപടികളും സ്വീകരിക്കണം.

സർ, 79 വർഷങ്ങൾക്കു മുൻപ് [ശീനാരായണഗുരുദേവൻ പ്രതിഷ്ഠ നടത്തിയ അന്നുമുതൽ നടന്നുവന്നിരുന്ന പള്ളിവേട്ടയും വെടിക്കെട്ടും പോലീസിന്റെ കൃത്യനിർവ്വഹണത്തിൽ വന്ന അപാകത കാരണം അത് 28 പേരുടെ മരണത്തിനു ഇടയാക്കി. ഈ കാര്യത്തിൽ രണ്ടു [പാവശ്യം അവിടത്തെ സബ് കളക്ടർ ഇടപെട്ട് പള്ളിവേട്ട നടത്താൻ അനുവദിച്ചു. മൂന്നു [പാവശ്യം അവിടത്തെ സബ് കോടതിയിടപെട്ട് കൃത്യം നിർവ്വഹിപ്പിച്ചു. അവസാനം ജില്ലാകോടതിയിടപെട്ട് ഈ കാര്യത്തിൽ നീതിപുലർത്തി. പക്ഷേ പോലീസ് ഇന്ന് ആ സ്ഥലം പൊളിച്ചുമാറെറി പള്ളിവേട്ട നടത്താൻ കൊടുത്ത കോടതി ഉത്തരവിനെതിരായി ആ ക്ഷേത്രഭാരവാഹികളെ പോലീസ് സ്റേറഷനിൽ കൊണ്ടുപോയി തടങ്കലിലിട്ടിരിക്കുകയാണ്. വെടിക്കെട്ട് നടത്തുമ്പോൾ [ശദ്ധിക്കേണ്ട പോലീസ് അവരുടെ കൃത്യം നിർവ്വഹിക്കാതിരുന്നതിന്റെ ഫലമായി 28 പേർ മരിക്കുകയും ചെയ്തു. ഈ കാര്യത്തിൽ ജ്ഞാനോദയം, എസ്. എൻ. ഡി. പി. യോഗം, എസ്. ആർ. പി. സംസ്ഥാനകമ്മിറെറി തുടങ്ങിയവ [പമേയങ്ങൾ പാസ്സാക്കി ഗവൺമെന്റിനു നൽകുകയും ചെയ്തു. ജനാധിപത്യത്തിൽ ഉദ്യോഗസ്ഥൻമാർ തെറെറ ചെയ്താൽ ജനകീയ മന്ത്രിമാർ നീതിപുലർത്തണം, നീതിപുലർത്തുമെന്നാണ് ഞങ്ങളുടെ വിശ്വാസം. ഇന്ന് വൈകുന്നേരം 7 മണിക്ക് ആ വക കാര്യങ്ങളിലേക്ക് കട ക്കാൻ അവസരം ഉള്ളതുകൊണ്ട് കോടതി ഉത്തരവുകളുടെ പകർപ്പുകൾ ഞാൻ മുഖ്യമന്ത്രിയുടെ കൈവശം കൊടുക്കുന്നു. അദ്ദേഹം നീതി പുലർ ത്തുമെന്നാണ് എന്റെ വിശ്വാസം. ഒരു വലിയ ജനവിഭാഗത്തെ, മലബാർ ജ്ഞാനോദയം സഭയെ, കേരളത്തിലെ എസ്. എൻ. ഡി. പി. യെ, ഇവർക്ക് താങ്ങും തണലുമായി നിൽക്കുന്ന എസ്. ആർ. പി. യെ ജാതിയുടെ പേരിൽ പ്രതിപക്ഷം എന്തെങ്കിലും പറഞ്ഞാൽ അത് തെറെറാണ് എന്ന് ഞാൻ സബ്മിഷൻ മുഖേന അവതരിപ്പിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്. പോലീ സാണ് തലശ്ശേരി റെയിൽവേ സംഭവത്തെക്കുറിച്ച് അന്വേഷിക്കേണ്ടത്. കുറെറക്കാരുടെ പേരിൽ നടപടികളും സ്വീകരിക്കാതെ നിർവ്വാഹമില്ല.

[ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ജനാധിപത്യരീതിയിൽ പെരുമാ റിയാൽ ഞങ്ങളും തിരിച്ച് ജനാധിപത്യരീതിയിൽ പെരുമാറും. ജനാധിപത്യ വിരുദ്ധമായി രാജ്യരക്ഷാചട്ടങ്ങളെ ലംഘിച്ച് മന്ത്രിമാരിരുന്നാൽ ഞങ്ങളും ജനാധിപത്യത്തിന്റെ സീമ ഒരല്പം കടക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ഒരു കാര്യം വളരെ വിനയസമേതം ചെയർ ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തീർച്ചയായിട്ടും ഒരു പാർലമെന്ററി സിസ്റ്റത്തിൽ ഗവൺമെന്റിന്റെ നടപടികളിൽ, മന്ത്രിമാരുടെ നടപടികളിൽ, നയങ്ങളിൽ വിയോജിപ്പ് പ്രകടിപ്പിക്കാനും ഡിസന്റ് പറയാനുമുള്ള അവകാശം തീർച്ചയായും പ്രതിപക്ഷത്തിനുണ്ട്. അതിനുള്ള അവസരങ്ങളുണ്ടാകണമെന്നുള്ള കാര്യത്തിൽ ചെയറിന് യാതൊരു സംശയവുമില്ല. ഇതിനകത്ത് തീർച്ചയായും നമ്മുടെ സഭയുടെ കീഴ്വഴക്കങ്ങളും നടപടിച്ചട്ടങ്ങളുമനുസരിച്ച്, ചട്ടപ്രകാരം കഴിയാവുന്നത്ര സമയപരിധിക്കകത്തുനിന്നുകൊണ്ട് ഏതു പ്രശ്നത്തെക്കുറിച്ചും ചർച്ച ചെയ്യാൻ അവസരങ്ങളും കൊടുക്കുക എന്ന സമീപനമാണ് ചെയർ സ്വീകരിച്ചിട്ടുള്ളത്. തീർച്ചയായിട്ടും പൊതു പ്രാധാന്യമുള്ള ഏതു പ്രശ്നത്തെക്കുറിച്ചായാലും ചർച്ച ചെയ്യാനുള്ള സന്ദർഭങ്ങളുണ്ടാകേണ്ടത് ആവശ്യമാണ്. അതിന് സമയപരിധി ഒരു ഘടകമാണെങ്കിൽപോലും അതിനുള്ള അവസരം കൊടുക്കണമെന്നാണ് ചെയറിന്റെ നിലപാട്. ചട്ടപ്രകാരം അതിനുള്ള സന്ദർഭങ്ങളും നിഷേധിക്കപ്പെട്ടു കഴിഞ്ഞാൽ മറ്റു മാർഗ്ഗങ്ങളില്ലെങ്കിൽ ഏതെങ്കിലും രീതിയിൽ ഡിസന്റ് പോകുന്നത് മനസ്സിലാക്കാൻ സാധിക്കും. ഈ സമ്മേളനത്തിൽ സബ്മിഷൻ അനുവദിക്കുന്നത് അങ്ങേയറ്റം ശ്രമകരമായ ഒരു കാര്യമാണ്. അതുകൊണ്ട് സബ്മിഷൻ മുഖാന്തിരമായാലും ചോദ്യങ്ങൾ മുഖാന്തിരമായാലും വിവരങ്ങൾ ശേഖരിച്ചുതരുന്നത് അത് ഏതെങ്കിലും മന്ത്രിമാരുടേയോ ആംക്കാരുടേയോ വ്യക്തിപരമായ പ്രശ്നമല്ല. സഭയ്ക്കുവേണ്ടി വിവരം ശേഖരിച്ചു തരുന്നതാണ്. സഭവഴി ജനങ്ങൾ അറിയേണ്ടതാണ്. അതിന് അവസരം നിഷേധിക്കുന്നത് തീർച്ചയായും ഉചിതമല്ലായെന്നാണ് ചെയറിന്റെ അഭിപ്രായം. ഏതായാലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും കക്ഷിനേതാക്കൻമാരും ഈ കാര്യത്തെക്കുറിച്ച് പുനഃപരിശോധന നടത്തണം. വിശദമായ ചർച്ച ബിസിനസ് അഡ്വൈസറി കമ്മിറ്റി മീറ്റിങ്ങിലോ കക്ഷി നേതാക്കൻമാരുടെ മീറ്റിങ്ങിലോ നടത്താവുന്നതാണ്. ഒരു മെമ്പറെ സംബന്ധിച്ചിടത്തോളം ആ മെമ്പർക്ക് അഭിപ്രായം പറയാനും സബ്മിഷൻ കൊടുത്തുകഴിഞ്ഞാൽ ഉത്തരം ലഭിക്കാനും അവകാശമുണ്ട്. ആ അവകാശം നിഷേധിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന ഒരു ബുദ്ധിമുട്ട് സഭയുടെ അവസരങ്ങളും അവകാശങ്ങളും സ്വയം ഇല്ലാതെ വരുത്തുന്നതാണ്. അതുകൊണ്ട് ഈ സഭയുടെ അന്തസ്സിന് ക്ഷതമേൽക്കാവുന്ന ദൗർഭാഗ്യകരമായ പ്രവർത്തനങ്ങൾ ഒഴിവാക്കി സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ നമുക്ക് ശ്രമിക്കാം.

(11) ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയ കുവൈറ്റികളുടെ കേരള സന്ദർശനം

ശ്രീ. ഇ. കെ. നായനാർ : സർ, ഇന്നലെ ഇവിടെ കുവൈറ്റിലെ രണ്ട് പൗരൻമാരെ സംബന്ധിച്ച്, ബ്ലാക്ക്ലിസ്റ്റിൽ പെടുത്തിയ രണ്ട് പൗരൻമാർക്ക് നൽകിയ സ്വീകരണത്തെ സംബന്ധിച്ച് ചർച്ചചെയ്തു. അതിനു ശേഷം മുഖ്യമന്ത്രിക്ക് ഞങ്ങൾ പ്രതിപക്ഷനേതാക്കൻമാർ ഒരു അഭ്യർത്ഥന നൽകിയിട്ടുണ്ട്. അതായത് അതു സംബന്ധിച്ച് ഈ സഭ ചർച്ച ചെയ്തിട്ട് ഭൂരിപക്ഷമുണ്ടെങ്കിൽ തള്ളുക – അതല്ലെങ്കിൽ സ്വീകരിക്കുക. ഇവിടത്തെ രണ്ടു മന്ത്രിമാർ ആഭ്യന്തര വകുപ്പുമന്ത്രിക്ക് പുറമേയുണ്ട്. ആഭ്യന്തര വകുപ്പു മന്ത്രിക്ക് 1985 ജൂൺമാസം ഇതിനെ സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും നോട്ട് കിട്ടി. അദ്ദേഹം പോലീസിന്റെ കൈയ്യിലാണ് ക്ലിപ്പിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly